**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2836 15.12.2015 -ലെ മറുപടിയ്ക്ക്

## യു.ജി.സി സ്കീം ഓപ്റ്റ് ചെയ്ത ലൈബ്രറി ജീവനക്കാർ

ചോദ്യം
ശ്രീ.ഇ.പി.ജയരാജൻ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളാ സർവ്വകലാശാലയിൽ യു.ജി.സി സ്കീം ഓപ്റ്റ് ചെയ്ത എത്ര അസിസ്റ്റന്റ് ലൈബ്രേറിയൻമാരാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | 8 പേർ |
| (ബി) | 2009 ലെ ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം യു.ജി.സി ഓപ്റ്റ് ചെയ്യുന്ന ലൈബ്രറി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റത്തിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഒൻപതാം ശമ്പള കമ്മീഷൻ ശുപാർശപ്രകാരം, അസിസ്റ്റന്റ് ലൈബ്രേറിയൻ, ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികകൾ യുജിസി തസ്തികകളാക്കുകയും നിലവിലുള്ള നോൺ യുജിസി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ്1, ഡെപ്യൂട്ടി ലൈബ്രേറിയൻ എന്നിവർക്ക് മാത്രം തൽസ്ഥാനം തുടരാം എന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | യു.ജി.സി. ഓപ്റ്റ് ചെയ്ത ലൈബ്രറി ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുകയും സ്റ്റേറ്റ് സ്കീമിൽ ഉൾപ്പെട്ട ലൈബ്രറി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റവും മറ്റാനുകൂല്യങ്ങളും നൽകുകയും ചെയ്യുന്ന രീതി കേരള സർവ്വകലാശാലയിൽ നടപ്പിലാക്കിയിരിക്കുന്നത് ഏതു ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നു വിശദീകരിക്കുമോ; | (സി) | ശുപാർശയുനുസരിച്ചുള്ള ഭേദഗതികൾ കേരളായൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസിൽ നിലവിൽ വന്നിട്ടില്ല. ഓർഡിനൻസ് പ്രകാരം അർഹതയുള്ളവർക്കു മാത്രമാണ് പ്രമോഷൻ നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് യു. ജി. സി. മാനദണ്ഡങ്ങൾ പ്രകാരം അർഹതപ്പെട്ട ഉദ്യോഗക്കയറ്റവും മറ്റാനുകൂല്യങ്ങളും നിഷേധിക്കുന്ന സാഹചര്യം പരിശോധനാ വിധേയമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിച്ച സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ